# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 532, 28.02.2017 ൽ മറുപടിക്ക്

### ജി.ഐ.എസ്,എസ്.എൽ.ഐ എന്നീ ഇൻഷ്വറൻസ് സ്കീമുകളിലെ പാസ് ബുക്ക്/സ്റ്റേറ്റ്മെന്റ്

| | ചോദ്യം<br>ശ്രീ.പി.കെ.ബഷീർ എം.എൽ.എ | മറുപടി<br>ബഹുമാനപ്പെട്ട ധനകാര്യവും കയറും വകുപ്പമന്ത്രി<br>ഡോ.ടി.എം.തോമസ് ഐസക്ക് |
|---|---|---|
| (എ) | സർക്കാർ ജീവനക്കാർക്കുള്ള ജി.ഐ.എസ്/ എസ്.എൽ.ഐ എന്നീ ഇൻഷ്വറൻസ് സ്കീമുകളിലെ ക്ലോഷർ ബെനഫിറ്റ്/ റിട്ടയർമെന്റ് ആനുകൂല്യം ലഭിക്കുന്നതിന് സബ്സ്ക്രിപ്ഷൻ ഡീറ്റെയിൽസ് രേഖപ്പെടുത്തിയ പാസ് ബുക്ക്/സ്റ്റേറ്റ്മെന്റ് ഹാജരാക്കേണ്ട ആവശ്യമുണ്ടോ എന്ന് വ്യക്തമാക്കാമോ ; | സർക്കാർ ജീവനക്കാർക്കായുള്ള എസ്.എൽ.ഐ/ ജി.ഐ.എസ് പദ്ധതികളിൽ നിന്നുള്ള ക്ലോഷർ/റിട്ടയർമെന്റ് ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് നിലവിലെ സാഹചര്യത്തിൽ വരിസംഖ്യ കിഴിവ് രേഖപ്പെടുത്തിയ പാസ്ബുക്ക്/സ്റ്റേറ്റ്മെന്റ് ഹാജരാക്കേണ്ടതാണ്. |
| (ബി) | സംസ്ഥാനത്തെ ഓഫീസുകൾ പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിക്കുന്ന സാഹചര്യത്തിൽ സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിനെയും കമ്പ്യൂട്ടർവൽക്കരിക്കുന്നതിനും ജീവനക്കാരുടെ ജി.ഐ.എസ്/എസ്.എൽഐ പാസ് ബുക്ക്/ സ്റ്റേറ്റ്മെന്റ് വിവരങ്ങൾ സ്പാർക്ക് മുഖേന സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിന് ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ; | സംസ്ഥാന ഇൻഷ്വറൻസ് വകുപ്പും പൂർണ്ണമായും കമ്പ്യൂട്ടർ വൽക്കരിക്കുന്നതിനുള്ള നടപടികളുടെ അന്തിമ ഘട്ടത്തിലാണ്. എസ്.എൽ.ഐ/ ജി.ഐ.എസ് വരിസംഖ്യ കിഴിവ് വിവരങ്ങൾ 'സ്പാർക്ക്' മുഖേന സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിൽ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സോഫ്റ്റ്‌വെയർ പൂർണ്ണമായും പ്രവർത്തന ക്ഷമമാകുമ്പോൾ മാത്രമേ ഈ വിവരങ്ങൾ പരസ്പരം ബന്ധിപ്പിക്കുവാൻ സാധിക്കുകയുള്ളൂ |
| (സി) | അക്കൗണ്ടന്റ് ജനറൽ പ്രോവിഡന്റ് ഫണ്ടിന്റെ സ്റ്റേറ്റ്മെന്റ് നൽകുന്നതുപോലെ എല്ലാ വർഷവും സാമ്പത്തിക വർഷ അവസാനം ജീവനക്കാർക്ക് ജി.ഐ.എസ്/എസ്.എൽ.ഐ എന്നിവയുടെ വാർഷിക സ്റ്റേറ്റ്മെന്റ് നൽകുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ; | വർഷാവർഷം ജീവനക്കാർക്ക്/വരിക്കാർക്ക് തങ്ങളുടെ എസ്.എൽ.ഐ/ജി.ഐ.എസ് വാർഷിക സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുന്ന വിധത്തിലാണ് വകുപ്പിൽ പുതിയ സോഫ്റ്റ്‌വെയർ വികസിപ്പിച്ചുകൊണ്ടിരിക്കുന്നത്. |
| (ഡി) | പാസ് ബുക്ക് ഉപയോഗവും അച്ചടിയും നിർത്തലാക്കാൻ കഴിയുന്നതിലൂടെ സാമ്പത്തികമായ ലാഭമുണ്ടാകുമെന്നതിനാൽ ആയത് നടപ്പിലാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ? | പൂർണ്ണമായും സോഫ്റ്റ്‌വെയറിനെ മാത്രം ആശ്രയിച്ച് വകുപ്പിന്റെ ഇടപാടുകൾ നടത്തുന്ന ഘട്ടത്തിൽ പാസ്ബുക്കിന്റെ ഉപയോഗവും അച്ചടിയും നിർത്തലാക്കാൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ